17

## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1734 04.10.2011 ൽ മറുപടിയ്ക്ക്

### ബൈതരണി കൽക്കരി നിലയത്തിൽ നിന്നും കൽക്കരി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഒറീസയിലെ ബൈതരണി കൽക്കരി നിലയത്തിൽ നിന്നും കൽക്കരി വാങ്ങുന്നതിന് കെ.എസ്.ഇ.ബി. കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എപ്പോഴെന്നും ഏതു വ്യവസ്ഥയിലെന്നും വ്യക്തമാക്കാമോ ; | (എ) കേന്ദ്ര കൽക്കരി മന്ത്രാലയം പുതുക്കിയ ഖനന നയങ്ങളെ അടിസ്ഥാനമാക്കി ഗവൺമെന്റ് ഡിസ്പെൻസേഷൻ രീതിയിൽ 25.07.2007 ൽ 602 ദശലക്ഷം ടൺ കൽക്കരി മൊത്തം നിക്ഷേപമുണ്ടെന്ന കരുതുന്ന ബൈതരണി വെസ്റ്റിലെ കൽക്കരിപാടം കെ.എസ്.ഇ.ബി, ഒറീസ ഹൈഡ്രോ പവർ കോർപ്പറേഷൻ ലിമിറ്റിഡ് (OHPCL), ഗുജറാത്ത് പവർ കോർപ്പറേഷൻ ലിമിറ്റഡ് എന്നിവർക്ക് സംയുക്തമായി നൽകുകയുണ്ടായി. ഇതിൽ കെ.എസ്.ഇ.ബിയുടെ വിഹിതം 200.67MT ആണ്. ഖനിയിൽ നിന്നും കെ.എസ്.ഇ.ബി.യ്ക്ക് ലഭിയ്ക്കുന്ന പരമാവധി ലഭ്യത പ്രതിവർഷം 5 MT എന്ന തോതിലാണ്. 1000MW സ്ഥാപിതശേഷിയുള്ള ഒരു വൈദ്യുത നിലയത്തിന് ഇതു പര്യാപതമാണ്.<br>ബൈതരണി കൽക്കരിപാടത്തിൽ നിന്നും കൽക്കരി ഖനനം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. ഒ.എച്ച്.പി.സി, ജി.പി.സി.എൽ എന്നിവരുമായി സംയുക്തമായി BWCCL എന്ന കമ്പനി 22.04.2008 ൽ ആരംഭിച്ചു. ഈ കമ്പനി കൽക്കരി ഖനനം ചെയ്യുന്നതിനുള്ള നടപടികൾ നടത്തിവരുന്നു. |

(............2)

| | |
|---|---|
| (ബി) കൽക്കരി ലഭിച്ചു തുടങ്ങിയോ ; ഇത് ഉപയോഗിച്ച് വൈദ്യുതി ഉല്പാദനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) കമ്പനിയുടെ നിലവിലുള്ള സമയക്രമം അനുസരിച്ച് 2013-14 വർഷത്തിൽ കൽക്കരി ഖനനം . ആരംഭിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതുപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി സ്ഥാപിക്കുന്നതിനുള്ള വിവിധ സാധ്യതകളെക്കുറിച്ചുള്ള താരതമ്യപഠനം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ